21 ജൂൺ 2023

**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം, തിരുവനന്തപുരം – 695 033

## 21.06.2023 ന് വൈകുന്നേരം 03.30 മണിക്ക് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ സൊനാറ്റ ഹാളിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 6-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**യോഗത്തിൽ പങ്കെടുത്തവർ**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ എം.ബി. രാജേഷ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | **ചെയർമാൻ** |
| 2 | ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **വൈസ് ചെയർപേഴ്സൺ** |
| 3 | ഡോ.സന്തോഷ് ബാബു ഐഎഎസ് (Retd.), ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (I/C), ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |
| 4 | ശ്രീ എം.കൃഷ്ണദാസ്, ചെയർമാൻ, മുനിസിപ്പൽ ചെയർമെൻ ചേംബർ | **മെമ്പർ** |
| 5 | ശ്രീ ബി.പി. മുരളി, പ്രസിഡന്റ്, കേരള ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ. | **മെമ്പർ** |
| 6 | ശ്രീ.എച്ച് ദിനേശൻ ഐഎഎസ്, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് | **മെമ്പർ** |
| 7 | ശ്രീമതി. അനു കുമാരി ഐഎഎസ്, ഡയറക്ടർ, കേരള സംസ്ഥാന ഐ ടി മിഷൻ & എക്സിക്യൂട്ടീവ് ഡയറക്ടർ (I/C) , കുടുംബശ്രീ | **മെമ്പർ** |
| 8 | ശ്രീ അനിൽകുമാർ. ജി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 9 | ഡോ. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില (ഓൺലൈൻ) | **മെമ്പർ** |
| 10 | ശ്രീമതി.ശ്രീവല്ലി ദേവി, സീനിയർ ഡയറക്ടർ (ഐ.ടി) , നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം. | **മെമ്പർ** |
| 11 | ശ്രീ.ജയചന്ദ്രൻ എം ബി, സി.റ്റി.ഒ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള | **മെമ്പർ** |

22/06/23

**<u>അജണ്ട–1</u>**

**വിഷയം: അഞ്ചാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്.**

**<u>തീരുമാനം</u>**

10.02.2022-ന് ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി & ഗവേണിംഗ് ബോഡി ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 5-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ് ചർച്ചകൾക്ക് ശേഷം സ്ഥിരീകരിച്ചു.

**<u>അജണ്ട–2</u>**

**വിഷയം: അഞ്ചാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച്.**

അഞ്ചാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സിന്മേൽ സ്വീകരിച്ച അനന്തര നടപടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയും, ആയത് കമ്മിറ്റി ചർച്ച ചെയ്ത് റെക്കോഡാക്കി.

**<u>അജണ്ട–3</u>**

**വിഷയം: കഴിഞ്ഞ ഗവേണിംഗ് ബോഡിക്ക് (10.02.2023) ശേഷം ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

പ്രവർത്തന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ ആപ്ലിക്കേഷനിലും ഈ കാലയളവിൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയും, ആയത് കമ്മിറ്റി ചർച്ച ചെയ്ത് റെക്കോഡാക്കുകയും ചെയ്തു.

**<u>അജണ്ട–4</u>**

**വിഷയം: 2022–23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**<u>തീരുമാനം</u>**

25-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച 2022–23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്, വരവ് ചെലവ് കണക്ക് എന്നിവയ്ക്ക് ഗവേണിംഗ് ബോഡി സാധൂകരണം നൽകി.

**<u>അജണ്ട–5</u>**

**വിഷയം: 2023–24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും ഐ.കെ.എമ്മിന് ലഭിക്കേണ്ട അംഗത്വ ഫീസ് **14349.00** ലക്ഷം രൂപ ലഭിക്കേണ്ടതായുള്ളപ്പോൾ **10.00** ലക്ഷം രൂപയുടെ വരവ് മാത്രമേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നും, കിട്ടാനുള്ളതിന്റെ ഒരു നിശ്ചിത ശതമാനം


27/06/23

തുക കൂട്ടിവയ്ക്കേണ്ടതുണ്ടെന്ന് ഗവേണിംഗ് ബോഡി ചെയർമാൻകൂടിയായ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

കൂടാതെ ഈ വർഷം തുടങ്ങാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾക്ക് കൂടി തുക ബഡ്ജറ്റിൽ വകയിരുത്തേണ്ടതാണെന്ന് ഗവേണിംഗ് ബോഡി വൈസ് ചെയർപേഴ്സൺ കൂടിയായ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

ബഡ്ജറ്റിൽ യോഗം നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി ചെയ്യുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം**

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൻ മേൽ ഓരോ ഹെഡും യോഗം വിശദമായി ചർച്ച നടത്തി ആവശ്യമായ മാറ്റങ്ങളോട്കൂടി അംഗീകരിച്ചു. മാറ്റം വരുത്തിയ ബഡ്ജറ്റ് **അനുബന്ധം-I** ആയി ചേർക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഐ.കെ.എമ്മിന് ലഭിക്കേണ്ട അംഗത്വ ഫീസ് ലഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

**അജണ്ട-6**

**വിഷയം: 2019-20 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2019-20 വർഷത്തെ ഐ.കെ.എമ്മിന്റെ വാർഷിക റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. തുടർന്ന് വാർഷിക റിപ്പോർട്ട് അംഗീകരിച്ചു.

**അജണ്ട-7**

**വിഷയം: 2020-21 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2020-21 വർഷത്തെ പ്രവർത്തന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ ആപ്ലിക്കേഷനിലും ഈ കാലയളവിൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. തുടർന്ന് പ്രവർത്തന റിപ്പോർട്ട് അംഗീകരിച്ചു.

**അജണ്ട-8**

**വിഷയം: 2023-24 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച്.**

2023-24 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം പ്രധാനമായും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത് K-SMART പ്രോജക്ടാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. കൂടാതെ എല്ലാ ജില്ലകളിലും പ്രോഡക്ട് ഇന്നവേഷൻ സെന്റർ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഡേറ്റാ അനലിറ്റിക്സ് മേഖലയിലേക്കും

22/06/23

പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളതായും എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം**

2023-24 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. തുടർന്ന് അംഗീകരിച്ചു.

കെ-സ്മാർട്ട് അർബൻ ലോക്കൽബോഡികളിൽ കൂടാതെ ഗ്രാമപഞ്ചായത്തുകളിൽ കൂടി 01.11.2023 ന് വിന്യസിക്കേണ്ടതാണെന്ന് ഗവേണിംഗ് ബോഡി ചെയർമാൻകൂടിയായ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

**അജണ്ട-9**

**വിഷയം: ഇൻഫർമേഷൻ കേരള മിഷന്റെ (ഐ.കെ.എം) പേര് ഇന്നവേഷൻ കേരള മിഷൻ എന്നാക്കി മാറ്റുന്നത് സംബന്ധിച്ച്.**

**തീരുമാനം**

എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്തുത അജണ്ട പിൻവലിച്ചു.

**അജണ്ട-10**

**വിഷയം: K-SMART പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരെ മറ്റൊരു കെട്ടിടത്തിലേക്ക് റീലൊക്കേറ്റ് ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം**

K-SMART പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് Incuspaze Solutions Private Limited എന്ന സ്ഥാപനവുമായി 19.09.2022 മുതൽ 09.07.2023 വരെ കാരാറിൽ ഏർപ്പെട്ട നടപടിക്ക് സാധൂകരണം നൽകി.

**K-SMART** സിറ്റിസൺ സർവ്വീസിൽ ഉൾപ്പെടുന്ന 9 മൊഡ്യൂളുകൾ 01.11.2023 ന് 1062 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കേണ്ടതിനാലും, ഇനിയും ആവശ്യാനുസരണം Resource-നെ എംപാനൽ കമ്പനിയിൽ നിന്നും എടുക്കേണ്ടതുള്ളതിനാലും, നിലവിലുള്ള കെട്ടിടത്തിൽ സ്ഥലപരിമിധി ഉള്ളതിനാൽ കൂടുതൽ സൌകര്യമുള്ള കെട്ടിടം കണ്ടെത്തി മാറുന്നതിനും, വാടക തുക നിശ്ചയിക്കുന്നതിനും സർക്കാരിലേക്ക് വിശദമായ പ്രൊപ്പോസൽ നൽകുന്നതിന് തീരുമാനിച്ചു. ആയതിന് വിധേയമായി നിലവിലുള്ള കെട്ടിടത്തിന്റെ കാലാവധി പുതുക്കുകയോ, അല്ലെങ്കിൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി മറുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട-11**

**വിഷയം: K-SMART പ്രോജക്ടുമായി ബന്ധപ്പെട്ട് EoI മുഖേന Empanelled കമ്പനികളിൽ നിന്നും സോഫ്റ്റ്‌വെയർ റിസോഴ്സിനെ എടുത്ത നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**



27/06/23

K-SMART പ്രോജക്ടുമായി ബന്ധപ്പെട്ട് EoI മുഖേന Empanelled കമ്പനികളിൽ നിന്നും സോഫ്റ്റ്‌വെയർ റിസോഴ്സസിനെ എടുത്ത നടപടികൾ ഡെപ്യൂട്ടി ഡയറക്ടർ (R&D) യോഗത്തിൽ വിശദീകരിച്ചു. തുടർന്ന് ഇതിൻമേൽ യോഗം വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു.

**തീരുമാനം**

K-SMART പ്രോജക്ടിന്റെ ആവശ്യത്തിലേക്കായി വിവിധ തസ്തികകളിലേക്ക് EoI മുഖേന Empanelled കമ്പനികളിൽ നിന്നും സോഫ്റ്റ്‌വെയർ റിസോഴ്സസിനെ **അജണ്ട-11** ൽ വിശദീകരിച്ച എല്ലാ നടപടികളും സാധൂകരിച്ചു.

**അജണ്ട-12**

**വിഷയം: ഐ.കെ.എം ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ലഭിക്കുന്നത് വരെ ഇടക്കാലാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എമ്മിലെ ജീവനക്കാർക്ക് നിലവിലെ ശമ്പളത്തിൽ 20% വർദ്ധനവ് ഐ.കെ.എമ്മിന്റെ ഓൺഫണ്ടിൽ നിന്ന് അഡ്വാൻസായി നൽകുന്നതിനും, പ്രസ്തുത നടപടി ഭാവിയിലെ ശമ്പള പരിഷ്കരണത്തിൽ ക്രമീകരിക്കുകയും ചെയ്യും എന്ന വ്യവസ്ഥയിൽ 2023 ജൂൺ മാസം മുതൽ അനുവദിക്കുന്നതിന് തീരുമാനിച്ചു.

ഇതിന് പുറമെ K-SMART പ്രോജക്ടിന് വേണ്ടി പ്രവർത്തിക്കുന്ന ഐ.കെ.എമ്മിലെ സോഫ്റ്റ്‌വെയർ ഡെവലപ്പർമാർക്ക് ഐ.കെ.എം നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 2023 ജൂൺ മാസം മുതൽ 2023 നവംബർ മാസം വരെ കൊച്ചി സ്മാർട്ട് സിറ്റി ഫണ്ടിൽ നിന്നും 20,000/-രൂപ പ്രത്യേക അലവൻസായി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**യോഗം 5.00 ന് അവസാനിച്ചു.**

ഡോ.സന്തോഷ് ബാബു ഐഎഎസ് (Retd.)
ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ(i/c)
ഇൻഫർമേഷൻ കേരള മിഷൻ
**(മെമ്പർ സെക്രട്ടറി)**

ശാരദാ മുരളീധരൻ ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശ സ്വംഭരണ വകുപ്പ്
**(വൈസ് ചെയർപേഴ്സൺ)**

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

എം.ബി. രാജേഷ്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
**(ചെയർമാൻ)**

# ഇൻഫർമേഷൻ കേരള മിഷൻ
## തിരുവനന്തപുരം

## ബഡ്ജറ്റ് -2023-2024

### ആമുഖം

ഇൻഫർമേഷൻ കേരള മിഷൻ 2014 ഫെബ്രുവരി 10 മുതൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ, 1955 ലെ 12-ാമത് തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം TVM/TC/212/2014 നമ്പറായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും കാര്യക്ഷമമമായ ഇ-ഗവേണൻസിനു വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുകയും, സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ഇൻഫർമേഷൻ കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യം.

ഇൻഫർമേഷൻ കേരള മിഷന്റെ **2023-24** സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രധാനമായും ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. **കെ-സ്മാർട്ട്**
    a) നഗരസഭകളിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കുമായി ഒരൊറ്റ ലോഗിൻ ഒരൊറ്റ പോർട്ടൽ
    b) മൊബൈലിലൂടെ വിരൽതുമ്പിൽ സേവനങ്ങൾ
    c) സേവനങ്ങൾക്കായി ഇന്ററാക്ടീവ് ഇന്റർഫേസ്
    d) പൂർണ്ണമായും പേപ്പർരഹിത ഡിജിറ്റൽ ഓഫീസ്
    e) ഫയൽ അധിഷ്ഠിതമായ സംവിധാനത്തിൽ നിന്നു ഡാറ്റാ-യിൽ അധിഷ്ഠിതമായ സംവിധാനത്തിലേക്കുള്ള മാറ്റം വിഭാവനം ചെയ്യുന്നു.
    f) ജി.ഐ.എസ്സ് അധിഷ്ഠിതമായ ഡിജിറ്റൽ സേവനം
    g) ബിൽഡിങ് പെർമിറ്റുകൾ 30 ദിവസത്തിൽ നിന്നും 30 മിനിറ്റിലേക്ക്
    h) ഇന്റഗ്രേറ്റഡ് ഡാഷ്ബോർഡ് സിസ്റ്റം
    i) ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഫെയിസ് റെക്കഗനേഷൻ തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിക്കും.

2. **കെ-സ്മാർട്ട്** ആപ്ലിക്കേഷനിലുള്ള ചുവടെ പറയുന്ന മൊഡ്യൂളുകൾ വികസിപ്പിച്ച് വിന്യസിക്കും.
    1. Civil Registration
    2. Business facilitation Module
    3. Public Grievance Redressal
    4. Citizen Welfare Module
    5. Tax Module (Property, Professional, Entertainment & Other),
    6. Building Regulation

7. Financial Management
8. HR Management
9. Digital File Management
10. Meeting Management

3. എല്ലാ ജില്ലകളിലും പ്രോഡക്റ്റ് ഇന്നവേഷൻ സെന്റർ.
4. Emerging Technologies ൽ ഐ.കെ.എം ജീവനക്കാർക്ക് ട്രയിനിംഗ്.
5. ഐ.കെ.എമ്മിന്റെ നിലവിലെ ഇൻഫ്രാസ്ട്രക്ച്ചർ നവീകരിക്കും.
6. ഡിസാസ്റ്റർ റെക്കവറി സെന്റർ
7. ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ എല്ലാ തീയറ്ററുകളിലും.

മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്കായി **2023-2024** സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി ഇൻഫർമേഷൻ കേരള മിഷന് **800** ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

മൂലധന നിക്ഷേപത്തിനായി സംസ്ഥാനങ്ങൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും അർബൻ ലോക്കൽ ബോഡികൾക്കായി K-SMART ഇ-ഗവേർണൻസ് പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനും,റെക്കോർഡ് ഡിജിറ്റൈസേഷനുമായി **2023-24** സാമ്പത്തിക വർഷത്തിൽ **2000 ലക്ഷം** രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 08.03.2016 ലെ സർക്കാർ ഉത്തരവ് (സാധാ)നം.1228/2016/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് പ്രവർത്തന ഫണ്ട് ഇനത്തിൽ അവർക്കുള്ള പ്ലാൻ ഫണ്ടിൽ നിന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിഹിതമാണ് നൽകേണ്ടത്. ഈ ഇനത്തിൽ **2023-24** സാമ്പത്തിക വർഷത്തിൽ **1523.13** ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ സെക്ഷൻ-20(a) പ്രകാരവും, 27.06.2015 ലെ സ.ഉ.(സാധാ)നം.1952/2015/ തസ്വഭവ പ്രകാരവും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഐ.കെ.എമ്മിന് അംഗത്വ ഫീസ് നൽകുവാൻ വ്യവസ്ഥ ചെയ്യുന്നു. ഈ ഇനത്തിൽ ഒരു വർഷം 4783 ലക്ഷം രൂപ വീതം 2014-15, 2015-16, 2016-17 വർഷങ്ങൾക്കായി 14349 ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിച്ചിരുന്നു. ഈ തുക ഇതുവരെയും ഐ.കെ.എമ്മിന് ലഭിച്ചിട്ടില്ല. 31.08.2017 ലെ സ.ഉ.(കൈ)നം.176/2017/തസ്വഭവ ഉത്തരവിലെ 'C' പിരിവിൽ മെമ്പർഷിപ്പ് ഫീസ് അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ **100.00** ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

27/06/2015 ലെ സ.ഉ(സാധാ)നം.1952/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വാർഷിക വരിസംഖ്യ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഓരോ ജനത്തിനും 1 രൂപ (ഒരു

രൂപ) എന്ന ക്രമത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 50.00 ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിനു വേണ്ടിയുള്ള സോഫ്റ്റ്‌വെയറുകൾക്ക് പുറമെ മറ്റ് സ്ഥാപനങ്ങൾക്ക് വേണ്ടിയും സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ച് നൽകാൻ ഐ.കെ.എം ഉദ്ദേശിക്കുന്നു. ഈ ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 937.00 ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള വിവധ സോഫ്റ്റ്‌വെയറുകളിൽ എസ്.എം.എസ് സംവിധാനം ലഭ്യമാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വെബ്സൈറ്റ് വരിസംഖ്യ എന്നീ ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 2.00 ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

# ബഡ്ജറ്റ് -2023-2024

## വിശദീകരണകുറിപ്പ്

1. ഐ.കെ.എമ്മിന്റെ 2023-2024 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത് 2 ഭാഗങ്ങളായിട്ടാണ്.
2. ഭാഗം ഒന്ന് മൂലധന വരവ് (പദ്ധതി വിഹിതം) , റവന്യൂ വരവ് (തനത് ഫണ്ട്) എന്നിവ വിശദീകരിക്കുന്നു.
3. രണ്ടാം ഭാഗം മൂലധന ചെലവ് (പദ്ധതി ചെലവ്) , റവന്യൂ ചെലവ് (തനത് ഫണ്ടിൽ നിന്നുള്ള ചെലവ് ) എന്നിവ വിശദീകരിക്കുന്നു.
4. 2023-2024 ലെ പ്രാരംഭ നീക്കിയിരിപ്പ് 1451.30 ലക്ഷം രൂപയായി കണക്കാക്കിയിരിക്കുന്നു.

## 5. വരവ് ഇനങ്ങൾ

### I. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി വിഹിതം

2023-2024 സാമ്പത്തിക വർഷത്തെ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിവഹിതമായി ഇൻഫർമേഷൻ കേരള മിഷൻ 1961.58 ലക്ഷം രൂപയാണ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ 800.00 ലക്ഷം രൂപ നാല് കംപോണന്റുകളിലായി **(Application Software Development and Management, Infrastructure development and up-gradation, Training and Documentation, Implementation and monitoring)** 2023-2024 വർഷത്തെ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്.

### II. കേന്ദ്ര സർക്കാരിൽ നിന്നുള്ള പദ്ധതി വിഹിതം

മൂലധന നിക്ഷേപത്തിനായി സംസ്ഥാനങ്ങൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും അർബൻ ലോക്കൽ ബോഡികൾക്കായി K-SMART ഇ-ഗവേർണൻസ് പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനും,റെക്കോർഡ് ഡിജിറ്റൈസേഷനുമായി കേന്ദ്ര സർക്കാറിൽ നിന്നും 2000.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

### III. അംഗത്വ ഫീസ്

ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ സെക്ഷൻ-20(a) പ്രകാരവും **(അനുബന്ധം-1a)**, 27.06.2015 ലെ സ.ഉ.(സാധാ)നം.1952/2015/ തസ്വഭവ ഉത്തരവ് പ്രകാരവും **(അനുബന്ധം-1b)**, ഗ്രാമപഞ്ചായത്ത് **3 ലക്ഷം** രൂപ, ബ്ലോക്ക് പഞ്ചായത്ത് **5 ലക്ഷം** രൂപ, ജില്ലാ പഞ്ചായത്ത് **15 ലക്ഷം** രൂപ, മുനിസിപ്പാലിറ്റി **10 ലക്ഷം** രൂപ, മുനിസിപ്പൽ കോർപ്പറേഷൻ **20 ലക്ഷം** രൂപ എന്ന നിരക്കിൽ ആകെ അംഗത്വ ഫീസായി, ഒരു വർഷം **4783.00 ലക്ഷം** രൂപ വീതം 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിലായി **14349.00** ലക്ഷം

രൂപ അംഗത്വ ഫീസായി ഐ.കെ.എമ്മിന് നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു. ഈ തുക ഇതുവരെയും ഐ.കെ.എമ്മിന് ലഭിച്ചിട്ടില്ല. 31.08.2017 ലെ സ.ഉ.(കൈ)നം.176/2017/ തസ്വഭവ ഉത്തരവിലെ 'C' പിരിവിൽ **(അനുബന്ധം-1C)**, മെമ്പർഷിപ്പ് ഫീസ് അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ **100.00** ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

**IV. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വാർഷിക വരിസംഖ്യ.**

27/06/2015 ലെ സ.ഉ(സാധാ)നം.1952/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം **(അനുബന്ധം-1B)** വാർഷിക വരിസംഖ്യ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഓരോ ജനത്തിനും 1 രൂപ (ഒരു രൂപ) എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. **2023-24** സാമ്പത്തിക വർഷത്തിൽ **3,33,87,677/-** രൂപ (2011 സെൻസസിലെ ജനസംഖ്യ പ്രകാരം) ഇൻഫർമേഷൻ കേരള മിഷൻ ലഭിക്കേണ്ടതാണ്. എന്നാൽ ഈ ഇനത്തിൽ **50.00** ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

**V. കോർപ്പറേറ്റ് സ്ഥാപനങ്ങൾ, ഏജൻസികൾ, വ്യക്തികൾ എന്നിവയിൽ നിന്നുമുള്ള ഗ്രാന്റുകളും സംഭാവനകളും. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രവർത്തന ഫണ്ട്).**

08.03.2016 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1228/2016/തസ്വഭവ പ്രകാരം **(അനുബന്ധം-1D)** ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും അവയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഉം ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും അവയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.1% ഉം നിർബന്ധമായും ഐ.കെ.എമ്മിന്റെ പ്രവർത്തനത്തിന് വേണ്ടി മാറ്റിവയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം **2023-24** സാമ്പത്തിക വർഷത്തിൽ ഇൻഫർമേഷൻ കേരള മിഷന് **1523.13** ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

**VI. സ്പോൺസറിംഗ് ഏജൻസികളിൽ നിന്നുമുള്ള പദ്ധതികൾ.**

സ്പോൺസറിംഗ് ഏജൻസികൾക്ക് സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ച് നൽകാൻ ഐ.കെ.എം. ഉദ്ദേശിക്കുന്നു. ഈ ഇനത്തിൽ **5.00** (അഞ്ച് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.

**VII. ബാഹ്യ ധനസഹായം / ഐ.കെ.എം. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകളിൽ നിന്നുള്ള വരുമാനം.**

തദ്ദേശ സ്വയംഭരണ വകുപ്പിനു വേണ്ടിയുള്ള സോഫ്റ്റ്‌വെയറുകൾക്ക് പുറമെ മറ്റ് സ്ഥാപനങ്ങൾക്ക് വേണ്ടിയും സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ച് നൽകാൻ ഐ.കെ.എം ഉദ്ദേശിക്കുന്നു. ഈ ഇനത്തിൽ **937.00** (രൂപ എണ്ണൂറ്റിമുന്ന് ലക്ഷം മാത്രം) ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.

**VIII. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വെബ്സൈറ്റ് വരിസംഖ്യ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ നവീകരണവും പരിപാലനവും ഐ.കെ.എം ആണ് നടത്തിവരുന്നത്. ആയതിലേക്ക് വെബ്സൈറ്റ് വരിസംഖ്യ ഇനത്തിൽ **1.00** (ഒരു ലക്ഷം രൂപ) രൂപ വരവ് പ്രതീക്ഷിക്കുന്നു.

**IX. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള എസ്.എം.എസ് ചാർജ്ജസ്.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന ഇ-ഗവേണൻസ് സേവനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ മൊബൈലിൽ എസ്.എം.എസ് ആയി ലഭ്യമാക്കുന്ന ഇനത്തിൽ **1.00** (ഒരു ലക്ഷം രൂപ) ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.

**X. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പലിശ**

സേയിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയ്ക്ക് പലിശ ഇനത്തിൽ **10,000/-** രൂപ വരവ് പ്രതീക്ഷിക്കുന്നു.

## 6. ചെലവ് ഇനങ്ങൾ

### I. പദ്ധതി ചെലവ്

**(1) ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസനവും പരിപാലനവും (ക്രമ നമ്പർ 1 മുതൽ 9 വരെ)**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പൗരന്മാർക്കുള്ള സേവനങ്ങൾ ഓൺലൈനിലാക്കുന്നന്നതിനും തദ്ദേശ സ്ഥാപനങ്ങൾക്കായി നിരവധി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ഐ.കെ.എം വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്. ഈ ആപ്ലിക്കേഷനുകളെയെല്ലാം ഒരൊറ്റ മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷനായി സമന്വയിപ്പിച്ച് ഓരോ പൗരനും ഒരൊറ്റ സൈൻഓൺ, ഒരു ഡാഷ്ബോർഡും വഴി സർക്കാർ സേവനങ്ങൾ അക്ഷരാർത്ഥത്തിൽ അവരുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും. അതുവഴി നമ്മുടെ പൗരന്മാർക്ക് സർക്കാർ സേവനങ്ങൾ, അക്ഷരാർത്ഥത്തിൽ അവരുടെ വിരൽത്തുമ്പിൽ ലഭിക്കുന്നത് ഉതകുന്ന രീതിയിൽ Micro Service Architecture ൽ ക്ലൗഡ് അധിഷ്ഠിത പ്ലാറ്റ്ഫോമിൽ ഐ.കെ.എം വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറാണ് **കെ-സ്മാർട്ട്.** ഇത് മുഴുവനായി പ്രാവർത്തികമാകുന്നതോടുകൂടി നമ്മുടെ പൗരന്മാർക്ക് കൂടുതൽ ഫ്രീടൈം ലഭ്യമാകുകയും, സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ സേവനം ലഭ്യമാകുകയും ചെയ്യും.

K-SMART സിറ്റിസൺ സർവ്വീസിൽ ഉൾപ്പെടുന്ന മൊഡ്യൂളുകളായ 1. Civil Registration, 2. Business facilitation Module 3. Public Grievance Redressal 4. Citizen Welfare Module, 5. Tax Module (Property, Professional, Entertainment & Other), 6. Building Regulation, 7. Financial Management 8. HR Management 9. Digital File Management 10. Meeting Management എന്നീ മൊഡ്യൂളുകൾ 1062 തദ്ദേശഭരണ സ്ഥാപനങ്ങളിലും (മുൻസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത്) വിന്യസിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു.

ഗ്രാമ പഞ്ചായത്തുകളിൽ ഓഫീസ് നടപടികൾ സുതാര്യവും, സുഗമവും കാര്യക്ഷമവുമായി നിറവേറ്റാൻ ജീവനക്കാരെ പ്രാപ്തരാക്കി സേവനങ്ങൾ ഒരു കടക്കീഴിൽ മുഴുവൻ സമയവും പൊതു ജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഇൻഫർമേഷൻ കേരള മിഷനിലെ സാങ്കേതിക വിദഗ്ധർ വികസിപ്പിച്ച നൂതനമായ ക്ലൗഡ് അധിഷ്ഠിത സോഫ്റ്റ്‌വെയർ ആണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS). മൂന്നാം ഘട്ടമായി 632 ഗ്രാമ പഞ്ചായത്തുകളിൽ ILGMS വിന്യസിച്ചു. നിലവിൽ 941 ഗ്രാമ പഞ്ചായത്തുകളിലും ILGMS വഴിയാണ് File Flow, Civil Registration, Accounting എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

ഈ പ്രവർത്തനങ്ങൾക്കായി "***കെ-സ്മാർട്ട്*** " എന്ന ശീർഷകത്തിലും ***"ഐഎൽജിഎംഎസ്"*** എന്ന ശീർഷകത്തിലും, നിലവിലെ സോഫ്റ്റ്‌വെയറുകളുടെ നവീകരണത്തിനും പരിപാലനത്തിനുമായി ***"തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ നിലവിലെ ഇ-ഗവേർണൻസ് സോഫ്റ്റ്‌വെയറുകളുടെ നവീകരണവും പിന്തുണയും"*** എന്ന ശീർഷകത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റിന് പുറമെ മറ്റ് സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി ***"പുറമെ നിന്നുള്ള പ്രോജക്ടുകളുടെ നവീകരണവും പിന്തുണയും (CMLRRP, LIFE, KSSM, Nilaavu, eTicket, Urban transfer etc.)"*** എന്ന ശീർഷകത്തിലും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഐ.കെ.എം. വികസിപ്പിച്ച / വികസിപ്പിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ ഗുണനിലവാര നിയന്ത്രണം പരിശോധിക്കേണ്ടതും, ഉറപ്പവരുത്തേണ്ടതും അത്യാവശ്യമാണ്. ഇതോടൊപ്പം ഐ.കെ.എമ്മിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ടെസ്റ്റിംഗ് ലാബ് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്ക് ***"സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് ആന്റ് സപ്പോർട്ട് (ILGMS, Existing software, External projects, Testing lab)"*** എന്ന ശീർഷകത്തിലും ***ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള ഇ-ഗവേർണൻസ്*** എന്ന ശീർഷകത്തിലും തുക വകയിരുത്തിയിട്ടുണ്ട്.

വിവരസാങ്കേതികവിദ്യ തുടർച്ചയായി മാറിക്കൊണ്ടിരിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ത്വരിതഗതിയിൽ പരിഹരിക്കുന്നതിനും ഓരോ ജില്ലയിലും പ്രൊഡക്ട് ഇന്നവേഷൻ സെന്റർ' രൂപീകരിക്കാൻ തീരുമാനിച്ചു. 'ഇ-പഞ്ചായത്ത് സ്പീഡ് സർവീസ് റെസ്പോൺസ് സെന്റർ' എന്ന പേരിലും ഇത് അറിയപ്പെടുന്നു. IKM ന്റെ ജില്ലാതല പ്രവർത്തനങ്ങൾ (കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്) കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇത്തരമൊരു യൂണിറ്റ് ആരംഭിക്കുന്നത് അഭിലഷണീയമാണെന്ന് കരുതുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സോഫ്റ്റ്‌വെയർ പരാതികൾ ജില്ലാ തലത്തിൽ നിരീക്ഷിക്കാനും അടിയന്തര പരിഹാരം കാണാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും ഇത് സഹായിക്കും. ***ഓരോ ജില്ലയിലും ഉത്പന്ന നവീകരണ കേന്ദ്രം*** എന്ന ശീർഷകത്തിലും, ***ഡാറ്റാ അനലറ്റിക്സ് & എം.ഐ.എസ്*** എന്ന ശീർഷകത്തിലും തുക വകയിരുത്തിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്കായി പ്രതീക്ഷിക്കുന്ന ആകെ ചെലവ് 600 ലക്ഷം.

### (2) അടിസ്ഥാന സൗകര്യ വികസനവും നവീകരണവും (ക്രമനമ്പർ 1 മുതൽ 5 വരെ)

ഐ.കെ.എമ്മിന് ആവശ്യമായ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവ വാങ്ങുക, ഐ.കെ.എമ്മിൽ നിലവിലുള്ള ഹാർഡ്‌വെയറുകൾക്ക് എ.എം.സി ഏർപ്പെടുത്തുക, ഐ.കെ.എമ്മിന് ആവശ്യമായ കണക്ടിവിറ്റി സംവിധാനം മെച്ചപ്പെടുത്തുക, സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്, ടെസ്റ്റിംഗ് എന്നിവയ്ക്ക് ആവശ്യമായ ടൂളുകൾ വാങ്ങുക, പുതിയ ലാപ്പ്ടോപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ തടസ്സരഹിതമായി പ്രവർത്തിക്കുന്നതിനായി LSGVPN ക്ലൗഡ് - SDC കണക്ടിവിറ്റി, ഐടി, വെബ് മാനേജ്മെന്റ് ടീമിനുള്ള എച്ച്. ആർ. ചെലവ് എന്നിവയ്ക്കായി **"ഐടി ഇൻഫ്രാസ്ട്രക്ചറിന്റെ പ്രവർത്തനവും പരിപാലനവും ", "ഐടി ഇൻഫ്രാസ്ട്രക്ചർ നവീകരണവും പരിപാലനവും"** എന്നീ ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ കേരള മിഷന്റെ സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്ന ഓഫീസിനെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കുമായി തുക വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം ഐ.കെ.എമ്മിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി വാങ്ങുന്നതിനും, കെട്ടിട രൂപകല്പനയ്ക്കും നിർമ്മാണത്തിനുമായി ഡിപിആർ തയ്യാറാക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്
പ്രതീക്ഷിക്കുന്ന **ചെലവ് 110.00 ലക്ഷം.**

### (3) പരിശീലനവും ഡോക്യുമെന്റേഷനും.

ഐ.കെ.എമ്മിലെ എല്ലാ ജീവനക്കാർക്കും ഏറ്റവും പുതിയ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുക, ഐ.കെ.എമ്മിലെ എല്ലാ ജീവനക്കാർക്കും കപ്പാസിറ്റി ബിൽഡിംഗ്, ഇ-ലേണിംഗ് സൗകര്യം ഏർപ്പെടുത്തുക, ഇവയ്ക്കായി **"കപ്പാസിറ്റി ബിൽഡിംഗ്", ഐഇസി പബ്ലിക് റിലേഷൻസ്, പരിശീലന സർട്ടിഫിക്കേഷനും കരിയർ പുരോഗതിയും** എന്നീ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രതീക്ഷിക്കുന്ന **ചെലവ് 40.00 ലക്ഷം.**

### (4) ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഐ.കെ.എം ഇതിനകം വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ മോണിറ്റർ ചെയ്യുക, സ്ഥിരമായിട്ടുള്ള സാങ്കേതിക പിൻതുണ, ഹാന്റ്ഹോൾഡിംഗ് സപ്പോർട്ട് ചെയ്യുക, ജീവനക്കാർക്കുള്ള ശമ്പളം എന്നീ പ്രവർത്തനങ്ങൾക്കായി "കേന്ദ്രീകൃത ***ഹെൽപ്പ്ഡെസ്ക്"*** എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ മറ്റുള്ള സംസ്ഥാനങ്ങളിലും, രാജ്യങ്ങളിലും വിൽപ്പന നടത്തുന്നതിനായി ഒരു ബിസിനസ് ഡെവലപ്പ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ആയതിലൂടെ ഐ.കെ.എം സോഫ്റ്റ്‌വെയറുകളുടെ ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, വിൽപ്പനയും നടത്തുന്നതിന് ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി പ്രതീക്ഷിക്കുന്ന **ചെലവ് 50.00 ലക്ഷം.**

## II. റവന്യൂ ചെലവ്

### 1. അംഗത്വ ഫീസ് (തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും) (1)

27.06.2015 ലെ സ.ഉ.(സാധാ)നം.1952/2015/തസ്വഭവ പ്രകാരവും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ആകെ അംഗത്വ ഫീസായി, ഒരു വർഷം **4783.00 ലക്ഷം** രൂപ വീതം 2014-15, 2015-16, 2016-17 വർഷങ്ങൾക്കായി **14349.00** ലക്ഷം രൂപ അംഗത്വ ഫീസായി ഐ.കെ.എമ്മിന് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ സാമ്പത്തിക വർഷം **100.00** ലക്ഷം രൂപ ലഭിക്കുന്നത് ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ സെക്ഷൻ-20(c) പ്രകാരം ട്രഷറിയിൽ സ്ഥിര നിക്ഷേപമായി മാറ്റുന്നതാണ്.

### 2. ഹെഡ്ഡ് ആഫീസ്സ് – എസ്റ്റാബ്ലിഷ്മെന്റ് (ക്രമനമ്പർ 1 മുതൽ 44 വരെ)

ഹെഡ് ആഫീസിലെ ഭരണപരമായ ചെലവുകൾക്കുള്ള തുകയായി **1051.04** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 3. എസ്റ്റാബ്ലിഷ്മെന്റ് – ഫീൽഡ് സ്റ്റാഫ് (ക്രമനമ്പർ 1 മുതൽ 2 വരെ)

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സാങ്കേതിക സഹായം നൽകുന്ന ഐ.കെ.എം ജീവനക്കാരുടെ ശമ്പളവും മറ്റ് ചെലവുകൾക്കുമായി **1300.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 4. സപ്പോർട്ട് ആന്റ് മെയിന്റനൻസ് ഓഫ് LSGIs – website, Sahaaya SMS, IKM HQ Infrastructure upgradation etc. (ക്രമനമ്പർ 1 മുതൽ 19 വരെ)

വെബ്സൈറ്റുകളുടെ വികസനം, പരിപാലനം, സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, മറ്റ് വകുപ്പുകൾക്കുള്ള പ്രോജക്റ്റുകൾ, ഡാറ്റാ അനലറ്റിക്സ് & എം.ഐ.എസ്, Emerging Technologies ൽ ഐ.കെ.എം ജീവനക്കാർക്ക് ട്രയിനിംഗ്, ഡിസാസ്റ്റർ റെക്കവറി സെന്റർ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ / അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണികൾ, എസ്.എം.എസ് ചെലവുകൾ, സോഫ്റ്റ്വെയർ വികസനത്തിനായി ലാപ്ടോപ്പ്, കമ്പ്യൂട്ടർ, സ്മാർട്ട് കാർഡ്, റീഡർ ഉൾപ്പെടെ ആക്സസ്സിനുമുള്ള ബയോമെട്രിക് ആക്സസ്സ് നിയന്ത്രണ സംവിധാനം, ഐ.കെ.എം ഓഫീസിൽ സിസി ടിവി സ്ഥാപിക്കൽ, നെറ്റ്വർക്ക് ആക്ടീവ് കംപോണൻസ്, എയർകണ്ടീഷണർ, ക്ലൗഡ് സോഫ്റ്റ്വെയർ, ഐ.കെ.എം ഹെഡ്ക്വാട്ടേഴ്സ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ, ഓഫീസ് നവീകരണം (Civil, Electrical & Networking etc). എന്നിവയ്ക്കായി ***സപ്പോർട്ട് ആന്റ് മെയിന്റനൻസ് ഓഫ് LSGIs*** എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രതീക്ഷിക്കുന്ന ചെലവ് **660.00** ലക്ഷം.

### 5. ബാഹ്യ ധനസഹായം/ മറ്റു പ്രോജക്റ്റുകളിൽ നിന്നുള്ള ചെലവ് (Other Department Projects)

തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന സോഫ്റ്റ്വെയറുകൾക്ക് പുറമെ മറ്റ് വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി ഐ.കെ.എം സോഫ്റ്റ്വെയറുകൾ വികസിപ്പിച്ച് നൽകുന്നുണ്ട്. ലൈഫ് എം.ഐ.എസ്, ഇ-ടിക്കറ്റിംഗ്, ജിഐഎസ്- VIVID, സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, മറ്റ് പ്രോജക്റ്റുകൾ (Cochin corporation- Smart city, amruth project etc.) എന്നിവയ്ക്കായി **ബാഹ്യ ധനസഹായം/ മറ്റു പ്രോജക്റ്റുകളിൽ നിന്നുള്ള വരുമാനം** എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രതീക്ഷിക്കുന്ന ചെലവ് **1694.50** ലക്ഷം.

## സംഗ്രഹം

പ്രാരംഭ നീക്കിയിരിപ്പ് - 1451.30/- ലക്ഷം രൂപ

വരവ്- 5424.24/- ലക്ഷം രൂപ

മൊത്ത വരവ്- 6875.54/- ലക്ഷം രൂപ

ചെലവ്- 5755.54/- ലക്ഷം രൂപ

മിച്ചം- 1120.00 /- ലക്ഷം രൂപ

-------------------------------

| ബഡ്ജറ്റ് സംഗ്രഹം 2023–2024 | | | | | |
|---|---|---|---|---|---|
| ഭാഗം– I (PART–I) വരവുകൾ | | | | | |
| നം | ഹെഡ് ഓഫ് അക്കൗണ്ട് (Head of Accounts) | Actual Expenditure 2021–22 | Budget Estimates 2022–23 | Provisional Expenditure 2022–23 | Budget Estimates 2023–24 |
| | | (രൂപ ലക്ഷത്തിൽ) | | | |
| | | 1 | 2 | 4 | 4 |
| I | പ്രാരംഭബാക്കി (Opening Balance) | 720.16 | 864.58 | 829.57 | 1451.30 |
| II | മൂലധന വരവ് (പദ്ധതി വിഹിതം– Capital Income) | 484.47 | 801.10 | 500.00 | 2809.91 |
| III | തനത് ഫണ്ട് – Revenue Income (Own Fund) | 1562.73 | 1677.96 | 3045.70 | 2614.33 |
| | തനത്, പദ്ധതി എന്നീ ഇനത്തിൽ ആകെ ലഭിക്കാവുന്ന ഇക (Total anticipated Income in Plan fund and Own fund) | 2047.20 | 2479.06 | 3545.70 | 5424.24 |
| | പദ്ധതി ഫണ്ട്, തനത് ഫണ്ട് എന്നീ ഇനത്തിലുള്ള വരവിനൊപ്പം മുൻവർഷത്തെ ബാക്കി ഇക ഉൾപ്പെടെ ആകെ ലഭിക്കുമെന്ന് കരുതപ്പെടുന്ന ഇക (Total Income anticipated from opening balance, Plan fund and Own fund) | 2767.36 | 3343.64 | 4375.27 | 6875.54 |
| ഭാഗം– II (PART–II) ചെലവുകൾ | | | | | |
| I | മൂലധന ചെലവ് (Capital expenditure) – പദ്ധതി ഇകയിൽ നിന്നുള്ള ചെലവ് | 316.59 | 800.00 | 500.00 | 800.00 |
| II | റവന്യൂ ചെലവ് (Revenue Expenditure) തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ | 1408.11 | 2265.53 | 2423.98 | 4955.54 |
| | പദ്ധതി, തനത് എന്നീ ഫണ്ടുകളിൽ നിന്നുള്ള ആകെ ചെലവുകൾ (Expenses from Plan fund & Own fund) | 1724.70 | 3065.53 | 2923.98 | 5755.54 |
| | മിച്ചം (savings) | 1042.66 | 278.11 | 1451.30 | 1120.00 |
| Budget in Brief (ബഡ്ജറ്റ് ചുരുക്കത്തിൽ) | | | | | |
| | **Total Income** | 2767.36 | 3343.64 | 4375.27 | 6875.54 |
| | **Total Expenditure** | 1724.70 | 3065.53 | 2923.98 | 5755.54 |
| | **Savings** | 1042.66 | 278.11 | 1451.30 | 1120.00 |

# ഇൻഫർമേഷൻ കേരള മിഷൻ

## തിരുവനന്തപുരം

## ബഡ്ജറ്റ് സംഗ്രഹം 2023-2024

### ഭാഗം- I (PART-I) വരവുകൾ

| നം | ഹെഡ് ഓഫ് അക്കൌണ്ട് (Head of Accounts) | Actual Expenditure (കണക്കുകൾ) 2021-22 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2022-23 | Provisional Expenditure (കണക്കുകൾ) 2022-23 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2023-24 |
|---|---|---|---|---|---|
| | | (രൂപാ ലക്ഷത്തിൽ) | | | |
| | | 1 | 2 | 3 | 4 |
| I | **പ്രാരംഭബാക്കി (Opening Balance)** | | | | |
| 1 | തനത് ഫണ്ട് (Current Account) | 709.63 | 686.57 | 818.54 | 408.71 |
| 2 | ട്രഷറി അക്കൌണ്ട് (PSTSB & TSB) | 10.53 | 178.01 | 11.03 | 10.00 |
| 3 | കെ-സ്മാർട്ട് (Cochin Smart City Fund) | 0.00 | 0.00 | 0.00 | 1032.59 |
| | **പ്രാരംഭബാക്കി ആകെ (Total opening balance)** | **720.16** | **864.58** | **829.57** | **1451.30** |

| | | | | | |
|---|---|---|---|---|---|
| II | **മൂലധന വരവ് (പദ്ധതി വിഹിതം- Capital Income)** | | | | |
| 1 | സംസ്ഥാന സർക്കാരിൽ നിന്നുമുള്ളത് (Plan fund through State Budget) | 484.47 | 800.00 | 500.00 | 800.00 |
| 2 | കേന്ദ്ര സർക്കാരിൽ നിന്നുമുള്ളത് (Income from Government of India) | 0.00 | 1.00 | 0.00 | 2000.00 |
| 3 | ട്രഷറി അക്കൌണ്ടിൽ നിന്നുള്ള പലിശ (Intrest from Treasury account) | 0.00 | 0.10 | 0.00 | 9.91 |
| | **മൂലധന വരവ് ആകെ (Total Capital Income)** | **484.47** | **801.10** | **500.00** | **2809.91** |

| | | | | | |
|---|---|---|---|---|---|
| III | **തനത് ഫണ്ട് - Revenue Income (Own Fund)** | | | | |
| 1 | അംഗത്വ ഫീസ് (തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും) | 0.00 | 10.00 | 0.00 | 100.00 |
| 2 | തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വാർഷിക വരിസംഖ്യ. | 0.00 | 5.00 | 0.00 | 50.00 |
| 3 | കോർപ്പറേറ്റ് സ്ഥാപനങ്ങൾ, ഏജൻസികൾ,വ്യക്തികൾ എന്നിവയിൽ നിന്നുമുള്ള ഗ്രാന്റുകളും സംഭാവനകളും. (ഓപ്പറേറ്റിംഗ് ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും) | 1536.88 | 1542.00 | 1532.61 | 1523.13 |
| 4 | സ്പോൺസറിംഗ് ഏജൻസികളിൽ നിന്നുമുള്ള പദ്ധതി ഫണ്ട്. | 0.00 | 5.00 | 0.00 | 5.00 |

| നം | ഹെഡ് ഓഫ് അക്കൗണ്ട് (Head of Accounts) | Actual Expenditure (കണക്കുകൾ) 2021-22 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2022-23 | Provisional Expenditure (കണക്കുകൾ) 2022-23 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2023-24 |
|---|---|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | | | |
| | | 1 | 2 | 3 | 4 |
| 5 | ബാഹ്യ ധനസഹായം/ മറ്റ് പ്രോജക്ടുകളിൽ നിന്നുള്ള വരുമാനം. (Other Department Projects) | | | | |
| | a) LIFE MIS | 20.55 | 10.00 | 0.00 | 1.00 |
| | b) e-Ticketing | | 3.00 | 0.00 | 15.00 |
| | c) GIS -VIVID | | 45.76 | 8.08 | 5.00 |
| | d) Sahaaya School Managemet system, etc. | | 3.00 | 0.00 | 1.00 |
| | e) Other Projects (Cochin corporation- Smart City) | 4.75 | 50.00 | 1500.00 | 800.00 |
| | f) eSuraksha Portal (KSSM) | 0.00 | 0.00 | 0.00 | 65.00 |
| | f) K-Disk Unified Treasury Interface and MIS | 0.00 | 0.00 | 0.00 | 45.00 |
| 6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വെബ്സൈറ്റ് വരിസംഖ്യ | 0.00 | 1.00 | 0.00 | 1.00 |
| 7 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള എസ്.എം.എസ് ചാർജ്ജസ് | 0.50 | 1.00 | 0.00 | 1.00 |
| 8 | ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് | 0.00 | 0.10 | 4.98 | 0.10 |
| 9 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പലിശ | 0.05 | 0.10 | 0.03 | 0.10 |
| 10 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ, ഇലക്ട്രോണിക് അധിഷ്ഠിത ഉപകരണങ്ങളുടെ പർച്ചേസ് | 0.00 | 1.00 | 0.00 | 1.00 |
| 11 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ / അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ. | 0.00 | 1.00 | 0.00 | 1.00 |
| | **തനത് ഫണ്ട് വരവിനത്തിൽ ലഭിക്കാവുന്ന തുക (Total anticipated Income in Own fund)** | **1562.73** | **1677.96** | **3045.70** | **2614.33** |
| | **തനത്, പദ്ധതി എന്നീ ഇനത്തിൽ ആകെ ലഭിക്കാവുന്ന തുക (Total anticipated Income in Plan fund and Own fund)** | **2047.20** | **2479.06** | **3545.70** | **5424.24** |
| | **പദ്ധതി ഫണ്ട്, തനത് ഫണ്ട് എന്നീ ഇനത്തിലുള്ള വരവിനൊപ്പം മുൻവർഷത്തെ ബാക്കി തുക ഉൾപ്പെടെ ആകെ ലഭിക്കുമെന്ന് കരുതപ്പെടുന്ന തുക (Total Income anticipated from opening balance, Plan fund and Own fund)** | **2767.36** | **3343.64** | **4375.27** | **6875.54** |

| നം | ഹെഡ് ഓഫ് അക്കൌണ്ട് (Head of Accounts) | Actual Expenditure (കണക്കുകൾ) 2021-22 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2022-23 | Provisional Expenditure (കണക്കുകൾ) 2022-23 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2023-24 |
|---|---|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | | | |
| | | 1 | 2 | 3 | 4 |

| ഭാഗം- II (PART-II) ചെലവുകൾ | | | | | |
|---|---|---|---|---|---|
| നം | ഹെഡ് ഓഫ് അക്കൌണ്ട് (Head of account) | Actual Expenditure (കണക്കുകൾ) 2021-22 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2021-22 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2022-23 | Budget Estimates (ബഡ്ജറ്റ് എസ്റ്റിമേറ്റ്) 2023-24 |
| | | (രൂപ ലക്ഷത്തിൽ) | | | |
| | | 1 | 2 | 3 | 4 |
| I | **മൂലധന ചെലവ് (Capital expenditure) - പദ്ധതി തുകയിൽ നിന്നുള്ള ചെലവ്** | | | | |
